# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1987

11.02.2020 ൽ
മറുപടിക്ക്

## പിങ്ക് പോലീസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീസുരക്ഷ മുൻനിർത്തി നടപ്പിലാക്കിയിട്ടുള്ള പിങ്ക് പോലീസിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ.<br>(ബി) പിങ്ക് പോലീസ് പ്രത്യേകമായി നിർവ്വഹിക്കുന്ന ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ: | (എ) യും (ബി) യും | സംസ്ഥാനത്ത് പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ, വയനാട് എന്നീ പോലീസ് ജില്ലകൾ ഒഴികെ മറ്റ് 14 ജില്ലകളിലും ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ പോലീസ് ജില്ലകളിലും കൂടി 43 വാഹനങ്ങൾ പിങ്ക് പട്രോളിന് നൽകിയിട്ടുണ്ട്. സി-ഡാക്കിന്റെ സാങ്കേതിക സഹായത്തോടെ പിങ്ക് പോലീസ് കൺട്രോൾ റൂമിൽ സംവിധാനം ചെയ്തിട്ടുള്ള ആട്ടോമേറ്റഡ് കൺട്രോൾ റൂമിലേക്ക് 1515 എന്ന ടോൾ ഫ്രീ നമ്പരിലേക്ക് വരുന്ന distress Call കൾ IP Phone മുഖാന്തിരം സ്വീകരിക്കുകയും ആയത് ഇന്റർനെറ്റ് സംവിധാനമുള്ള കംപ്യൂട്ടറിൽ, വിളിച്ച ഫോൺ നമ്പർ, വിളിച്ച വ്യക്തിയുടെ അഡ്രസ്സ്, വിളിച്ച ആവശ്യത്തിന്റെ ചുരുക്കം എന്നിവ സഹിതം രജിസ്റ്റർ ആകുകയും ജി. പി. എസ്. സംവിധാനം ഉപയോഗിച്ച് മേപ്പിൽ നിന്നും distress call വിളിച്ച ലൊക്കേഷനിൽ ഏറ്റവും അടുത്തുള്ള പിങ്ക് പോലീസ് പട്രോൾ വാഹനം ഏതെന്ന് മനസ്സിലാക്കി വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള ടാബ്‌ലറ്റിലേക്ക് സന്ദേശം അയയ്ക്കുകയും പിങ്ക് പോലീസ് വാഹനം വളരെ പെട്ടെന്ന് സ്ഥലത്തെത്തി ആവശ്യമായ നടപടി എടുക്കുകയും അതിന് ശേഷം ടാബ് ലറ്റിൽ പരാതി തീർപ്പാക്കുകയും ചെയ്യുന്നതാണ് പിങ്ക് പോലീസ് പട്രോൾ സംവിധാനത്തിന്റെ പ്രവർത്തനരീതി. Distress Call വരുന്നതു മുതൽ തീർപ്പാക്കുന്നതുവരെയുള്ള നടപടികളുടെ രജിസ്റ്റർ തിരിച്ചുള്ള വിവരങ്ങൾ കംപ്യൂട്ടർ ജനറേറ്റർ റിപ്പോർട്ടുകളായി ഈ സംവിധാനം വഴി ലഭ്യമാക്കുന്നതാണ്.പിങ്ക് കൺട്രോൾ റൂമിൽ 1515 എന്ന ടോൾ ഫ്രീ നമ്പറിൽ സ്വീകരിക്കുന്നതും, പട്രോളിങ്ങിനിടയിൽ അറിവാകുന്നതുമായ സ്ത്രീകളുടെയും കുട്ടികളെയും സംബന്ധിച്ച കാര്യങ്ങളിൽ ഫലപ്രദമായി പിങ്ക് പോലീസ് |

ഇടപെട്ട് വരുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബസ്സ് സ്റ്റോപ്പുകൾ, ബസ്സ് സ്റ്റാൻഡുകൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന പട്രോളിംഗ് വിദ്യാർത്ഥികളുടെയും, സ്ത്രീകളുടെയും നേരെയുള്ള പൂവാലശല്യം വലിയ തോതിൽ കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ സ്കൂളുകളിൽ കയറാതെയും മറ്റും കറങ്ങി നടക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ വിവരം അറിയിക്കുകയും, ഇത്തരത്തിലുള്ള പ്രവണതകളിൽ നിന്നും കുട്ടികളെ അകറ്റി നിർത്തുന്നതിനുള്ള പ്രവർത്തനം ചെയ്തു വരുന്നു. വഴിയരികിൽ അശരണരായി കിടക്കുന്ന സ്ത്രീകളെയും മറ്റും ആശുപത്രിയിൽ എത്തിച്ച് ആതുര സേവനം ലഭ്യമാക്കിയും ഓർഫനേജുകളിൽ എത്തിച്ചും ജനോപകരപ്രദമായ പ്രവർത്തനങ്ങളിൽ പിങ്ക് പോലീസ് ശ്രദ്ധപുലർത്തുന്നുണ്ട്. സ്ത്രീകൾക്ക് നേരെയുള്ള molestation, വീടുകളിൽ സ്ത്രീകൾ നേരിടുന്ന പീഡനങ്ങൾ, മദ്യപിച്ച് സ്ത്രീകളെ ശല്യം ചെയ്യൽ, കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ എന്നീ തരത്തിലുള്ള കേസുകളിൽ പിങ്ക് പോലീസ് ഇടപെട്ട് നടപടികൾക്കായി പോലീസ് സ്റ്റേഷനുകളിലോ, ബന്ധപ്പെട്ട മറ്റ് അധികാര സ്ഥാപനങ്ങളിലോ ഏൽപ്പിച്ച് സേവനം ചെയ്തുവരുന്നു.

| | | |
|---|---|---|
| (സി) പിങ്ക് പോലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഭാവി പരിപാടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ സ്ത്രീകളുടെയും പെൺകുട്ടികളുടേയും സേവനത്തിനും, സുരക്ഷയ്ക്കുമായി പിങ്ക് പോലീസ് പട്രോൾ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. പിങ്ക് പോലീസിന്റെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉചിതവും കാലാനുസൃതവുമായ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ